**പാഠം 1** **മാർച്ച് 25–31**

# പത്രോസിന്റെ വ്യക്തിത്വം

**ശബ്ബത്ത് സായാഹ്നം മാർച്ച് 25**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ലൂക്കോസ് 5:1–11; മത്തായി 16:13–17; 14:22–33; ലൂക്കോസ് 22:31–34; ഗലാത്യർ 2:9,11–14.**

**മനഃപാഠ വാക്യം: എന്നാൽ അവൻ കാറ്റു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങുകയാൽ; കർത്താവേ എന്നെ രക്ഷിക്കണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെപിടിച്ച് അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു (മത്തായി 14:30,31).**

അവന്റെ പേര് വഹിക്കുന്ന രണ്ട് പുസ്തകങ്ങളുടെ (പത്രൊസ് 1,2) രചയിതാവാണ് പത്രൊസ്. അവൻ യേശുവിന്റെ ആദ്യകാല പിൻഗാമികളിൽ ഒരുവനാണ്. യേശുവിന്റെ ഇവിടെയുള്ള കർത്താവിന്റെ ശുശ്രൂഷയിൽ അവൻ അവനോടൊപ്പമുണ്ടായിരുന്നു, ഒഴിഞ്ഞ കല്ലറ കണ്ട ആദ്യ ശിഷ്യന്മാരിൽ ഒരുവനും അവനായിരുന്നു. ഇതിന്റെ ഫലമായി, പത്രൊസ് വളരെയധികം അനുഭവസമ്പത്തുണ്ടായിരുന്നതിൽ നിന്ന് പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അവന് ശക്തമായ ലേഖനങ്ങൾ എഴുതുവാൻ കഴിഞ്ഞു.

"ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചതു നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷികളായിട്ടത്രേ" (2 പത്രൊസ് 1:16). അവന്റെ വിജയങ്ങളും പരാജയങ്ങളും വെളിവാക്കിക്കൊണ്ട് സുവിശേഷങ്ങളിൽ പത്രൊസ് കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്നു. യേശുവുമായുള്ള ശിഷ്യന്മാരുടെ ഇടപാടുകളിൽ മിക്കപ്പോഴും പത്രൊസായിരുന്നു അവരുടെ വക്താവ്. ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം, പത്രൊസ് ഒരു സുപ്രധാന ആദ്യകാല സഭാനേതാവായി. ഗലാത്യ പുസ്തകവും അപ്പൊസ്തല പ്രവൃത്തികളും അവനെക്കുറിച്ച് സംസാരിക്കുന്നു.

ഏറ്റവും പ്രധാനമായി, തെറ്റ് ചെയ്യുക എന്നാൽ എന്താണെന്നും, ക്ഷമിക്കപ്പെടുവാനും താഴ്മയിലും വിശ്വാസത്തിലും ഏങ്ങനെ മുന്നേറണമെന്നും പത്രോസിന് അറിയാമായിരുന്നു. ദൈവത്തിന്റെ കൃപ സ്വയമായി അനുഭവിച്ച അവൻ, ആ കൃപ അനുഭവിക്കേണ്ട നമുക്കേവർക്കും ഒരു ശക്തമായ ശബ്ദമായി നിലകൊള്ളുന്നു.

**ഞായർ** **മാർച്ച് 26**

### എന്നെ വിട്ട് പോ!

നാം ആദ്യം പത്രോസിനെ കാണുമ്പോൾ, അവൻ ഗലീലാക്കടലിലെ ഒരു മുക്കുവനാണ് (മത്തായി 4:18; മർക്കൊസ് 1:16; ലൂക്കൊസ് 5: 1–11). അവൻ രാത്രി മുഴുവൻ ഒരു മീൻ പോലും പിടിക്കാതെ അദ്ധ്വാനിക്കുകയായിരുന്നു. എന്നാൽ പിന്നീട് തിരികെ കായലിലേക്ക് ചെന്നു ശ്രമിക്കാൻ പറഞ്ഞ യേശുവിന്റെ കല്പന പത്രൊസും

അവന്റെ സുഹൃത്തുക്കളും അനുസരിച്ചു. അവരുടെ പടകുകൾ മുങ്ങുമാറ് അവൻ മീൻ പിടിച്ചപ്പോൾ പത്രൊസും കൂട്ടരും എത്ര ആശ്ചര്യപ്പെട്ടു കാണും. ഈ അദ്ഭുത ത്തിനുശേഷം എന്തായിരിക്കും അവരുടെ മനസ്സിലൂടെ കടന്നുപോയിട്ടുണ്ടാകുക?

**ലൂക്കൊസ് 5:1-9 വായിക്കുക. ലൂക്കൊസ് 5:8 ലെ യേശുവിനോടുള്ള പത്രൊസിന്റെ വാക്കുകൾ അവനെക്കുറിച്ച് നമ്മോട് എന്തു പറയുന്നു? അതായത് ആത്മീയമായി അവൻ എവിടെയായിരുന്നു എന്നതിനെക്കുറിച്ച് എന്ത് ഉൾക്കാഴ്ചകളാണ് നമുക്ക് നൽകുന്നത്?**

യേശുവിനെക്കുറിച്ച് അറിയാമായിരുന്നതിൽനിന്ന് പത്രൊസിന് നല്ല മതിപ്പുണ്ടായിരുന്നിരിക്കാം. ഈ അദ്ഭുതത്തിനുമുമ്പ് തന്നെ, യേശു ആ കൂട്ടത്തോടു വലയിറക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവർ ഒന്നും പിടിക്കാത്തതു കൊണ്ടു തന്നെ സംശയാലുവായിരുന്ന പത്രൊസ് തന്നെയാണ് പറഞ്ഞത്: "എങ്കിലും നിന്റെ വാക്കിനു ഞാൻ വല ഇറക്കാം"

പത്രൊസിന് യേശുവിനെക്കുറിച്ചു നേരത്തെതന്നെ എന്തോ അറിയാമായിരുന്നു എന്നും. ഈ അറിവ് ആണ് അവനെ അനുസരിക്കുവാൻ പ്രേരിപ്പിച്ചതെന്നും നിശ്ചയമായും, തെളിവുകൾ കാണിക്കുന്നത് പത്രൊസ് ഈ സംഭവത്തിനുമുൻപ് തന്നെ യേശുവുമൊത്ത് കുറച്ചുനേരം ഉണ്ടായിരുന്നുവെന്നാണ്.

ഒരുപക്ഷെ ഒരു സൂചന ലൂക്കൊസ് 5:3 ലായിരിക്കും, മീനിന്റെ അദ്ഭുതം സംഭവിക്കുന്നതിനുമുമ്പ് തന്നെ എന്തു സംഭവിച്ചു എന്ന് ഇവിടെ പറയുന്നു. "ആ പടകുകളിൽ ശിമോനുള്ളതായ ഒന്നിൽ അവൻ കയറി കരയിൽനിന്ന് അല്പം നിക്കണം എന്ന് അവനോട് അപേക്ഷിച്ചു; അങ്ങനെ അവൻ പടകിൽ ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു."

ഒരുപക്ഷെ യേശുവിന്റെ വാക്കുകളാവാം പത്രൊസിൽ ആഴമായ മതിപ്പുണ്ടാക്കിയത്.

എന്നിരുന്നാലും, അദ്ഭുതത്തിനുശേഷം, യേശുവിൽ എന്തോ അധികമായി പത്രൊസിന് അനുഭവപ്പെട്ടു. അവന്റെ സ്വന്തം പാപപ്രകൃതത്തിനു വിരുദ്ധമായി എന്തോ ഒരു വിശുദ്ധി. അവന്റെ പാപ സ്വഭാവത്തെക്കുറിച്ചുള്ള അവന്റെ തിരിച്ചറിവും, അത് പരസ്യമായി അംഗീകരിക്കാനുള്ള അവന്റെ സന്നദ്ധതയും, അവൻ കർത്താവിനോട് എത്ര തുറന്ന മനസ്സുള്ളവനായിരുന്നു എന്നു കാണിക്കുന്നു. അവൻ വിളിക്കപ്പെട്ടതിൽ ആശ്ചര്യമൊന്നുമില്ല! അവന്റെ തെറ്റുകൾ എന്തുതന്നെയായാലും; അവ അധികമായിരുന്നു, വില എന്തായാലും, കർത്താവിനെ പിന്തുടരുവാൻ ഒരുക്ക മുള്ള ഒരു ആത്മീയ മനുഷ്യനായിരുന്നു പത്രൊസ്.

**ലൂക്കൊസ് 5:11 വായിക്കുക. ഇവിടുത്തെ പ്രധാനതത്വം എന്താണ്? എപ്രകാരമുള്ള സമർപ്പണമാണ് യേശു ആവശ്യപ്പെടുന്നത്? എന്നതിനെക്കുറിച്ച് ഈ വാക്യം നമ്മോട് എന്തു പറയുന്നു? അവരുടെ വലകൾ നിറഞ്ഞിരുന്നപ്പോൾ പോലും സകലവും ഉപേക്ഷിക്കാൻ തയ്യാ റായി എന്നതിനെക്കുറിച്ചും ഈ വാക്യം നമ്മോട് എന്തു പറയുന്നു?**

## ക്രിസ്തുവിനെ ഏറ്റുപറയുന്നു

യേശുവിന്റെ കഥയിലെ ശ്രേഷ്ഠമായ നിമിഷങ്ങളിലൊന്ന് സംഭവിച്ചത് പത്രൊസുമായുള്ള സംഭാഷണത്തിലാണ്. അവൻ ആരാണെന്ന് തെളിയിക്കുവാനുള്ള ഒരടയാളം അവർക്ക് കൊടുക്കണമെന്ന് യേശുവിനോടാവശ്യപ്പെട്ട ചില ശാസ്ത്രിമാരെയും പരീശന്മാരെയും യേശു അഭിമുഖീകരിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു (മത്തായി 16:14 കാണുക). പിന്നീട് ശിഷ്യന്മാരുമായി ഏകനായിരുന്നപ്പോൾ, അവൻ ചെയ്ത രണ്ട് അദ്ഭുതങ്ങളെക്കുറിച്ച് യേശു സംസാരിച്ചു, അവയിൽ രണ്ട് പ്രാവശ്യം വളരെക്കുറച്ച് അപ്പക്കഷണങ്ങളും മീനുമായി അവൻ ആയിരങ്ങളെ തൃപ്തരാക്കി. ഇതെല്ലാം അവൻ ചെയ്തത് ശിഷ്യന്മാരെ "പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ്" (മത്തായി 16:11)നെക്കുറിച്ച് താക്കീത് ചെയ്യുന്നതിനുള്ള പശ്ചാത്തലത്തിലാണ്.

മത്തായി 16:13 –17 വായിക്കുക. എന്താണ് ഇവിടെ സംഭവിക്കുന്നത്? യേശുവിനോടുള്ള പത്രൊസിന്റെ വാക്കുകളുടെ പ്രാധാന്യമെന്താണ്?

യേശുവിലുള്ള അവന്റെ വിശ്വാസത്തെക്കുറിച്ച് പത്രൊസ് ഇവിടെ ധൈര്യസമേതം സംസാരിച്ചു. ക്രിസ്തുവിനെ മശിഹായായി ഏറ്റുപറയുന്നത് മറ്റുള്ളവരും പങ്കുവച്ചു എന്നത് മത്തായി 16:20 ൽ നിന്നു വ്യക്തമാണ്. പത്രൊസ് ഉൾപ്പെടുന്ന ശിഷ്യന്മാർക്ക് വളരെയധികം പഠിക്കുവാനുണ്ടെങ്കിൽ കൂടി. ഇത് യേശുവിന്റെ ശുശ്രൂഷയിലെ ഒരു വഴിത്തിരിവാണ്.

"ക്രിസ്തു ഒരു ലൗകിക രാജകുമാരനായി വാഴുമെന്നു ശിഷ്യന്മാർ ഇപ്പോഴും പ്രതീക്ഷിച്ചു. ഇത്രയും നാൾ അവന്റെ പദ്ധതി അവൻ മറച്ചുവച്ചുവെങ്കിലും, അവൻ എല്ലാകാലവും ദാരിദ്ര്യത്തിലും മറഞ്ഞും ഇരിക്കില്ല എന്നവർ വിശ്വസിച്ചു, അവൻ അവന്റെ രാജ്യം സ്ഥാപിക്കുന്ന സമയം സമീപമായി. പുരോഹിതന്മാരുടെയും റബ്ബീകളുടെയും വെറുപ്പ് ഒരിക്കലും അതിജീവിക്കപ്പെടുകയില്ലെന്നോ; അവന്റെ സ്വന്തം ജനത്താൽ അവൻ തിരസ്കരിക്കപ്പെടുന്നുമെന്നോ, വഞ്ചകനായി കുറ്റം വിധിക്കപ്പെടുമെന്നോ, ഒരു ദുഷ്കർമ്മിയായി ക്രൂശിക്കപ്പെടുമെന്നുള്ള ഒരു ചിന്തയും ശിഷ്യന്മാർക്കില്ലായിരുന്നു." – EGW യുഗങ്ങളുടെ പ്രത്യാശ, P.415.

യേശുവിനെ മശിഹായായി ശിഷ്യന്മാർ തിരിച്ചറിഞ്ഞ ഉടനെ, താൻ കഷ്ടതയനുഭവിച്ച് മരിക്കേണ്ടതാണെന്ന് യേശു പഠിപ്പിക്കുവാൻ തുടങ്ങുന്നു. (മത്തായി 16:21 –23 കാണുക), പത്രൊസിന് അംഗീകരിക്കുവാൻ കഴിയാതിരുന്ന ഒരു ആശയം.

യേശുവിനെ "ശാസിക്കുന്ന"അറ്റം വരെയും പത്രോസ് പോകുന്നു. അപ്പോൾ യേശു തിരിഞ്ഞ് പത്രോസിനോട് പറയുന്നു: "സാത്താനേ, എന്നെ വിട്ടുപോ" (മത്തായി16:23).

അവന്റെ ശുശ്രൂഷാകാലത്ത് അവൻ ആരോടെങ്കിലും പറഞ്ഞ ഏറ്റവും കർക്കശ്ശമായ വാക്കുകൾ ഇവയാണ്; എന്നിട്ടുകൂടി, അവൻ അത് ചെയ്തത് പത്രൊസിന്റെ സ്വന്തം നന്മയ്ക്കാണ്. പത്രൊസിന്റെ വാക്കുകൾ പ്രതിഫലിപ്പിച്ചത് അവന്റെ സ്വന്തം ആഗ്രഹങ്ങളാണ്, അവന് അവശ്യമുള്ളതിനെക്കുറിച്ചുള്ള സ്വന്തം സ്വാർത്ഥമനോ

ഭാവം. യേശുവിന് അവന്റെ വഴിയിൽ അപ്പോൾ അവിടെത്തന്നെ നിർത്തണമായിരുന്നു. (യഥാർത്ഥത്തിൽ സാത്താനോടാണ് യേശു സംസാരിച്ചതെങ്കിലും, പത്രൊസിന് കാര്യം പിടികിട്ടി). കർത്താവിനെ സേവിക്കുക എന്നാൽ കഷ്ടത ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം പത്രോസ് പഠിക്കേണ്ടതുണ്ടായിരുന്നു. അവൻ ഈ പാഠം പഠിച്ചു എന്നത് പിന്നീടുള്ള അവന്റെ എഴുത്തുകളിൽനിന്നു വ്യക്തമാണ്.

(1 പത്രൊസ് 4:12 കാണുക)

(നിങ്ങൾ എന്തു ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾക്കറിയാവുന്ന എത്ര കാര്യങ്ങളാണ് നിങ്ങളുടെ വ്യക്തിപരമായ ആഗ്രഹങ്ങളുമായി ഏറ്റുമുട്ടുന്നത്? അപ്രകാരമുള്ള സാഹചര്യങ്ങളിൽ എന്തു ചെയ്യണമെന്ന് നിങ്ങൾ എങ്ങനെയാണ് തീരുമാനിക്കുന്നത്?)

**ചൊവ്വ** **മാർച്ച് 58**

## വെള്ളത്തിന്മീതെ നടക്കുന്നു.

യേശുവുമൊത്തുള്ള അവരുടെ സമയത്ത്, ശിഷ്യന്മാർ അനേകം ആശ്ചര്യകരമായ കാര്യങ്ങൾ കണ്ടുവെങ്കിലും അവയിൽ ചിലതു മാത്രമേ മത്തായി 14:13–33, മർക്കൊസ് 6:30–52, യോഹന്നാൻ 6:1–21 എന്നിവിടങ്ങളിൽ സംഭവിക്കുന്നതുമായി താരതമ്യം ചെയ്യുവാൻ കഴിയൂ. 5 അപ്പവും രണ്ട് മീനും കൊണ്ട് യേശു 5000 പേരെ പോഷിപ്പിച്ചു. ഇപ്രകാരമുള്ള ഒരു കാഴ്ചകണ്ടപ്പോൾ അവരുടെ മനസ്സുകളിലൂടെ എന്തായിരിക്കാം കടന്നുപോയത്?

**മത്തായി 14:22–23 വായിക്കുക. കർത്താവുമായുള്ള നമ്മുടെ നടപ്പിൽ നമ്മെ സഹായിക്കാവുന്ന എന്ത് പ്രധാന ദൂതാണ് നമുക്ക്**

**ഈ കഥയിൽനിന്നും എടുക്കാവുന്നത്?**

ജനക്കൂട്ടത്തെ പോഷിപ്പിക്കുന്നത് കണ്ടതിലൂടെ, ഈ മനുഷ്യർ യേശുവിന്റെ ശക്തിക്ക് ആശ്ചര്യകരമാം വിധം സാക്ഷികളായി. അവന് സത്യമായും സ്വാഭാവിക ലോകത്തിനുമേൽ നിയന്ത്രണമുണ്ടായിരുന്നു. അതായിരിക്കാം പത്രോസിനെ ധൈര്യത്തോടുകൂടിയ അല്ലെങ്കിൽ അലപം അഹങ്കാരത്തോടുകൂടിയ യാചന കഴിക്കുവാൻ അവനെ പ്രേരിപ്പിച്ചത്, “കർത്താവേ നീ ആകുന്നുവെങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിനു കല്പിക്കണം എന്നു പറഞ്ഞു” (മത്തായി 14:28).

**വിശ്വാസത്തിന്റെ എത്ര ശക്തമായ പ്രകടനം!**

യേശു, അപ്പോൾ ഈ വിശ്വാസത്തെ അംഗീകരിക്കുകയും പത്രൊസിനോട് വരുവാൻ ആവശ്യപ്പെടുകയും, അവൻ അത് ചെയ്യുകയും ചെയ്തു. ശാന്തമായിരിക്കുമ്പോൾ വെള്ളത്തിനു മീതെ നടക്കുന്നത് ഒരു കാര്യം, എന്നാൽ പത്രോസ് നടന്നത് കൊടുങ്കാറ്റിന്റെ മദ്ധ്യേയാണ്.

ഈ കഥയിലെ സാധാരണയുള്ള പാഠം യേശുവിങ്കൽ നിന്നു നമ്മുടെ കണ്ണെടുക്കുന്നതാണ്. പത്രൊസ് ഉറപ്പായും കർത്താവിൽ വിശ്വസിച്ചിരിക്കണം അല്ലെങ്കിൽ അവനൊരിക്കലും ഇങ്ങനെ ഒരപേക്ഷ നടത്തുകയോ അത് പ്രവർത്തിക്കുകയോ ചെയ്യില്ല. എന്നിരുന്നാലും, പ്രവർത്തിക്കാൻ തുട ങ്ങിയപ്പോൾ, അവൻ ഭയക്കാൻ ആരംഭിച്ചു, അങ്ങനെ ആ ഭയത്തിൽ അവൻ മുങ്ങാൻ തുടങ്ങി.

എന്തുകൊണ്ട്? പത്രൊസിനെ ഭയമുണ്ടായിരുന്നെങ്കിലും യേശുവിന് അവനെ വെള്ളത്തിൽ താഴാതെ നോക്കിക്കൂടായിരുന്നോ? എന്നാൽ യേശുവാകട്ടെ, അവന് അവന്റെ നിസ്സഹായതയിൽ കരഞ്ഞു വിളിക്കാനല്ലാതെ മറ്റൊന്നും ചെയ്യാനില്ലാത്ത അവസ്ഥയിലാക്കി."കർത്താവേ എന്നെ രക്ഷിക്കണമേ" (മത്തായി 14:30).

അപ്പോൾ യേശു അവന്റെ കൈനീട്ടി പത്രൊസ് ആവശ്യ പ്പെട്ടതു തന്നെ ചെയ്തു. ശരീര സ്പർശനമില്ലാതെ തന്നെ ചെയ്തു. ശരീര സ്പർശനമില്ലാതെ തന്നെ പത്രൊസിനെ വെള്ളത്തിനുമീതെ നിർത്താമായിരുന്നപ്പോൾ "യേശു കൈ നീട്ടി അവനെ പിടിച്ച്" (മത്തായി 14:31). എന്നത് അവൻ എത്ര മാത്രം യേശുവിൽ ആശ്രയിക്കാൻ പഠിക്കേണ്ടതുണ്ട് എന്ന് മനസ്സിലാക്കുവാൻ പത്രൊസിനെ സഹായിച്ചു.

നമുക്ക് വലിയ വിശ്വാസത്തിലൊക്കെ ആരംഭിക്കാം, കർത്താവിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് എന്നാൽ സാഹചര്യങ്ങൾ ഭയാനകമാകുമ്പോൾ പത്രൊസിനോടുള്ള യേശുവിന്റെ വാക്കുകൾ നാം ഓർക്കണം: " അല്പ വിശ്വാസിയേ നീ എന്തിനു സംശയിച്ചു?"(മത്തായി 14:31).

**ബുധൻ** **മാർച്ച് 29**

## അവന്റെ കർത്താവിനെ തള്ളിപ്പറയുന്നു.

വായിക്കുക! ലൂക്കോസ് 22:31 –34, 54–62. പത്രൊസിന്റെ; പരാജയങ്ങളിൽനിന്ന് നമുക്ക് എന്ത് പാഠങ്ങൾ പഠിക്കാം?

പത്രൊസിന്റെ ഉദ്ദേശ്യങ്ങൾ നല്ലതായിരുന്നു. വാസ്തവത്തിൽ അവൻ മറ്റു ശിഷ്യന്മാരെക്കാൾ ധൈര്യം കാണിച്ചു. യേശുവിന് എന്ത് സംഭവിക്കും എന്നറിയുവാൻ അവൻ യഥാർത്ഥത്തിൽ അവനെ പിന്തുടർന്നു. എന്നാൽ അങ്ങനെ ചെയ്തതിലൂടെ അവൻ അവന്റെ യഥാർത്ഥ വ്യക്തിത്വം മറച്ചുവച്ചു. ഈ വിട്ടുവീഴ്ച ചെയ്യൽ, ശരിയും നല്ലതുമായ പാതയിൽനിന്നുള്ള ഈ വ്യതിചലനം, യേശു അവനെ താക്കീത് ചെയ്തതുപോലെതന്നെ തന്റെ കർത്താവിനെ മൂന്ന് പ്രാവശ്യം തള്ളിപ്പറയുന്നതിലേക്കു നയിച്ചു.

ഇവിടത്തെ പത്രൊസിന്റെ കഥ വിട്ടുവീഴ്ച ചെയ്യൽ എത്ര നാശകരമായി അവസാനിക്കും എന്നുള്ളതിന്റെ സങ്കടകരമായ ഒരു ഓർമ്മപ്പെടുത്തലാണ്.

നമുക്കറിയാവുന്നതുപോലെ, സുപ്രധാന സത്യങ്ങളിൽ ക്രിസ്ത്യാനികൾ വിട്ടുവീഴ്ച ചെയ്യുമ്പോൾ ഉണ്ടാവുന്ന ഭയാനകമായ ഫലങ്ങളാൽ ചെളി പുരണ്ട് കിടക്കുകയാണ് ക്രിസ്തീയ ചരിത്രം.

ജീവിതത്തിൽ മിക്കപ്പോഴും വിട്ടുവീഴ്ച ചെയ്യേണ്ടിവരുമെങ്കിലും, ചില കൊടുക്കൽ വാങ്ങലുകളൊക്കെ ചെയ്യാൻ ചില നേരങ്ങളിൽ നാം തയ്യാറാകേണ്ടിവരുമെങ്കിലും, നിർണ്ണായക സത്യങ്ങളിൽ നാം ഉറച്ചു നിൽക്കണം. ഒരു ജനമെന്ന നിലയിൽ, ഏതൊരു സാഹചര്യത്തിലും നാം വിട്ടുവീഴ്ച ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ എന്താണെന്ന് പഠിക്കണം. (ഉദാഹരണത്തിന് വെളിപ്പാട് 14:12 കാണുക).

എലൻ ജി. വൈറ്റിന്റെ അഭിപ്രായപ്രകാരം, പത്രൊ സിന്റെ പരാജയവും വിട്ടുവീഴ്ചയും തുടങ്ങിയത് ഗെത്ത്ശേമനയിലാണ്, കാരണം പ്രാർത്ഥിക്കുന്നതിനു പകരം ഉറങ്ങി അങ്ങനെ വരുവാനുള്ളതിനെ നേരിടുവാൻ ആത്മീയമായി അവൻ

തയ്യാറായിരുന്നില്ല. അവൻ പ്രാർത്ഥനയിൽ വിശ്വസ്തനായിരുന്നുവെങ്കിൽ അവൻ "തന്റെ കർത്താവിനെ തള്ളിപ്പറയുകയില്ലായിരുന്നു" എന്ന് അവൾ എഴുതി." – EGW യുഗങ്ങളുടെ പ്രത്യാശ, P.714.

അതേ, പത്രൊസ് ഭയങ്കരമായി പരാജയപ്പെട്ടു. എന്നാൽ അവന്റെ പരാജയം വലിയതായിരുന്നുവെങ്കിലും, ദൈവത്തിന്റെ കൃപ അതിലും വലിയതായിരുന്നു. "പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു" (റോമർ 5:20). യേശുവിന്റെ ക്ഷമയാണ് പത്രൊസിനെ ആദിമ ക്രിസ്തീയ സഭയുടെ സമുന്നത നേതാവാക്കിയത്. ദൈവകൃപയുടെ യാഥാർത്ഥ്യത്തെക്കുറിച്ച് നമുക്കുള്ള എത്ര വലിയ പാഠം. നമ്മുടെ പരാജയങ്ങൾക്കിടയിലും നാം വിശ്വാസത്തോടെ മുന്നേറണം എന്ന വലിയ പാഠം നമുക്കായുള്ളതാണ്! അതേ, ക്ഷമിക്കപ്പെടുക എന്നാൽ എന്താണെന്നു പത്രൊസിന് അറിയാമായിരുന്നു. സുവിശേഷം മൊത്തത്തിൽ എന്താണെന്ന് അവൻ നേരിട്ടറിഞ്ഞ താണ്. കാരണം അവൻ തന്റെ പാപ പ്രകൃതം മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ പാപികളോടുള്ള സ്നേഹവും കൃപയും അവൻ അറിഞ്ഞവനാണ്.

**ഇവിടെ പത്രൊസ് യേശുവിനെ നിരാശപ്പെടുത്തിയതു പോലെ, നമ്മെ വലിയ രീതിയിൽ നിരാശപ്പെടുത്തിയവരോട് ക്ഷമിക്കുന്നത് നമുക്ക് എങ്ങനെ പഠിക്കുവാൻ കഴിയും?**

**വ്യാഴം** **മാർച്ച് 30**

### പത്രൊസ് ഒരു സഭാനേതാവായി

യേശുവിന്റെ ശുശ്രൂഷാകാലത്ത് പത്രൊസ് മിക്കപ്പോഴും ആ പന്ത്രണ്ട് ശിഷ്യന്മാരുടെ നേതൃസ്ഥാനം അഭിനയിച്ചു. അവൻ ആയിരുന്നു അവരുടെ സാധാരണയുള്ള വക്താവ്. മത്തായി ശിഷ്യന്മാരുടെ ക്രമം തയ്യാറാക്കുമ്പോൾ "ആദ്യം പത്രൊസിന്റെ" പേര് രേഖപ്പെടുത്തി (മത്തായി 10:2). ആദ്യകാല സഭയിലും പത്രൊസ് ഒരു പ്രമുഖ സ്ഥാനം വഹിച്ചിരുന്നു. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് ഇസ്കരിയോത്തിന് പകരമായി ഒരു ശിഷ്യനെ നിയമിക്കുവാൻ പത്രൊസാണ് മുൻകൈ എടുത്തത്. (അ.പ്ര.1:15–25). പെന്തെക്കോസ്ത്, നാളിൽ, തന്റെ ജനത്തിനുമേൽ ദൈവം വാഗ്ദത്തം ചെയ്ത ആത്മാവിന്റെ ദാനമാണു തങ്ങൾ കാണുന്നതെന്ന് ഈ കൂട്ടത്തിന് വിശദീ കരിച്ച കൊടുത്തതും പത്രൊസാണ്. (അ.പ്ര. 2:14–36) മരിച്ചവരുടെ ഉയിർപ്പിനെക്കു റിച്ച് പറഞ്ഞപ്പോൾ അറസ്റ്റ് ചെയ്ത മഹാപുരോഹിതനോടും കൂടിവന്ന നേതാക്കളോടു സംസാരിച്ചതും പത്രൊസാണ് (അ.പ്ര. 4:1 –12).

യേശുവിന്റെ അനുയായി ആയി സ്വീകരിക്കപ്പെട്ട പുറജാതിക്കാരനായ കൊർന്നേല്യൊസിന്റെ അടുക്കലേക്ക് നയിക്കപ്പെട്ടവൻ പത്രൊസായിരുന്നു (അ.പ്ര.10:1–48). അവന്റെ മാനസാന്തരത്തിനുശേഷം ആദ്യമായി യെരൂശലേമിലേക്ക് മടങ്ങിയപ്പോൾ 15 ദിവസത്തേക്ക് പൗലൊസ് സന്ദർശിച്ചതും പത്രൊസിനെയായിരുന്നു (ഗലാത്യർ 1:18). ആ സമയത്തുള്ള യെരൂശലേമിലെ യേശുവിന്റെ സുഹൃത് വലയം വർണ്ണിക്കു മ്പോഴും, പൗലൊസ് ചൂണ്ടിക്കാണിക്കുന്ന സഭയുടെ മൂന്ന് "തൂണുകൾ" പത്രൊസും, യേശുവിന്റെ സഹോദരനായ യാക്കോബും, പ്രിയ ശിഷ്യനായ യോഹന്നാനുമാണ് (ഗലാത്യർ 2:9)

**വായിക്കുക: ഗലാത്യർ 1:18,19; 2:9, 11-14 ആദിമ സഭയിൽ വളരെ പ്രധാന വ്യക്തിയായി പ്രവർത്തിച്ചപ്പോഴും, ഈ വാക്യങ്ങൾ പത്രൊസിനെക്കുറിച്ച് നമ്മോട് എന്തു പറയുന്നു?**

ഒരു സഭാനേതാവായിരുന്നിട്ടു വ്യക്തമായി കർത്താവിനാൽ വിളിക്കപ്പെട്ടവനായിരുന്നിട്ടും. യേശു പത്രൊസിനോട് പറഞ്ഞു: "എന്റെ ആടുകളെ മേയ്ക്ക." (യോഹന്നാൻ 21:17). "ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുത്" (അ.പ്ര. 10:28) എന്ന ദർശനം ലഭിച്ചിട്ടും പത്രൊസ് ഇനിയും വളരേണ്ടതുണ്ടായിരുന്നു.

സഭയുടെ ആദ്യനാളുകളിൽ, മിക്കവാറും എല്ലാ ക്രിസ്ത്യാനികളും യെഹൂദരായിരുന്നു, അവരിൽ മിക്കവരും ന്യായപ്രമാണ തല്പരന്മാർ (അ.പ്ര. 21:20)ആയിരുന്നു. അവരുടെ ന്യായപ്രമാണ വ്യാഖ്യനത്തിൽ, പുറ ജാതികളോടൊത്തു ഭക്ഷിക്കുന്നത് പ്രശ്നമായിരുന്നു. കാരണം അവർ അശുദ്ധരായി കണക്കാക്കപ്പെട്ടിരുന്നു. യെരൂശലേമിലെ യാക്കോബിന്റെ അടുക്കൽ നിന്നും ഏതാനും യെഹൂദാക്രിസ്ത്യാനികൾ തിരികെ വന്നപ്പോൾ പത്രൊസ് അന്ത്യോക്യയിലുള്ള പുറജാതികളുമായി ഭക്ഷണം കഴിക്കുന്നത് മതിയാക്കി.

പൗലൊസിനാകട്ടെ, അപ്രകാരമുള്ള പെരുമാറ്റം സുവിശേഷത്തിന്മേലുള്ള ഒരു ആക്രമണം തന്നെയായിരുന്നു. പത്രൊസിന്റെ പ്രവൃത്തിയെ അവൻ തികഞ്ഞ കപട ഭക്തിയായി കണ്ടു, അക്കാര്യത്തിൽ അവന് ഭയമില്ലായിരുന്നു. വാസ്തവത്തിൽ, പൗലൊസ് ഈ അവസരം ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ ഉപദേശം പ്രകടിപ്പിക്കുന്നതിന്ഉപയോഗിച്ചു; വിശ്വാസത്താലുള്ള നീതീകരണം മാത്രം. (ഗലാത്യർ 2:14 -16 കാണുക).

**പത്രൊസ് ദൈവത്താൽ വിളിക്കപ്പെട്ടവനായിരുന്നുവെങ്കിലും, തിരുത്തൽ ആവശ്യമുള്ള ചില "കറുത്ത ഇടങ്ങളു"ണ്ടായിരുന്നു. നമ്മുടെ തന്നെ "കറുത്ത ഇടങ്ങൾ" മറ്റുള്ളവർ ചൂണ്ടിക്കാണിക്കുമ്പോൾ നാം എങ്ങനെ പ്രതികരിക്കുന്നു?**

**വെള്ളി** **മാർച്ച് 31**

**കൂടുതൽ ചിന്ത: എലൻ ജീ വൈറ്റിന്റെ "കടല്ക്കരയിലെ വിളി" PP.244 -251; "തടാകത്തിൽ ഒരു രാത്രി", PP.377 -382; യുഗങ്ങളുടെ പ്രത്യാശയിൽ വായിക്കുക.**

അവന്റെ സ്വന്തം പാപപ്രകൃതത്തെക്കുറിച്ചുള്ള മുക്കുവന്റെ ആദ്യ സമ്മതം മുതൽ യേശുവിനോടുള്ള ധൈര്യമായ പ്രഖ്യാപനം "നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ ക്രിസ്തു"(മത്തായി 16:16). തന്റെ കർത്താവിനെ ഭീകരമായി തള്ളിപ്പറഞ്ഞതു വരെ, അവന്റെ വിജയങ്ങളും തെറ്റുകളും വരെയും, നിശ്ചയമായും പത്രൊസ് ഒരു പ്രധാന വ്യക്തിയായിരുന്നു.

ഇപ്രകാരം, പരിശുദ്ധാത്മാവിന്റെ തികവുറ്റ പ്രചോദനത്തിൻ കീഴിൽ, അവൻ ചെയ്തത് അവന് എഴുതുവാൻ സാധിച്ചു, സൈദ്ധാന്തിക അറിവിൽനിന്നു മാത്രമല്ല, പിന്നെയോ അനുഭവത്തിൽനിന്നു തന്നെ. അവന് ക്രിസ്തുവിന്റെ രക്ഷാകരമായ കൃപ മാത്രമല്ല അവന്റെ രൂപാന്തര കൃപയും അറിയാമായിരുന്നു:

“അവന്റെ (പത്രൊസിന്റെ) വലിയ വീഴ്ചയ്ക്കുമുമ്പ്, അവൻ എപ്പോഴും ചങ്കൂറ്റമുള്ളവനും ഏകാധിപത്യ പ്രവണതയുള്ളവനും, ഒരു നിമിഷത്തിന്റെ ഉൾപ്രേരണയിൽ ആലോചനയില്ലാതെ സംസാരിക്കുന്നവനുമായിരുന്നു. അവൻ എപ്പോഴും മറ്റുള്ളവരെ തിരുത്തുന്നതിനും അവരെക്കുറിച്ചുതന്നെ വ്യക്തമായ ധാരണയുണ്ടാകുന്നതിനു മുൻപും എന്തു പറയണമെന്ന് ചിന്തിക്കുന്നതിനു മുമ്പും അവന്റെ മനസ്സിലുള്ളതു വെട്ടിത്തുറന്നു പറയുന്ന പ്രകൃതക്കാരനായിരുന്നു. എന്നാൽ പത്രൊസ് മാനസാന്തരപ്പെട്ടു; ആ മാനസാന്തരപ്പെട്ട പത്രൊസാകട്ടെ എടുത്തുചാട്ടക്കാരനായ ലക്കും ലഗാനുമില്ലാത്ത പത്രോസിൽനിന്നും വളരെ വ്യത്യസ്തനായിരുന്നു. പത്രൊസ് മുൻപുള്ള തന്റെ തീക്ഷ്ണത നിലനിർത്തിയപ്പോൾ ക്രിസ്തുവിന്റെ കൃപ അവന്റെ ഉത്സാഹത്തെ നിയന്ത്രിച്ചു. എടുത്തുചാട്ടക്കാരനോ അമിത ആത്മവിശ്വാസമുള്ളവനോ, സ്വയം ഉയർത്തുന്നവനോ ആകുന്നതിനു പകരം അവൻ ശാന്തനും, സ്വയചിട്ടയുള്ളവനും പഠിപ്പിക്കാവുന്നവനുമായി. അപ്പോൾ അവന് ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തിലെ കുഞ്ഞാടുകളെയും ആടുകളെയും മേയ്ക്കാമായിരുന്നു. – EGW, Te stimonier for the church,Vol,PP 334,335.

നമ്മിൽ ആർക്കാണ് ഒരളവുവരെ പത്രൊസുമായി ബന്ധമില്ലാതിരിക്കുന്നത്? ആരാണ് ചില നേരങ്ങളിലെങ്കിലും അവരുടെ വിശ്വാസത്തിനുവേണ്ടി ശക്തമായി നിലകൊള്ളാത്തത്? ആരാണ് ചില നേരങ്ങളിലെങ്കിലും വല്ലാതെ പരാജയപ്പെടാത്തത്?

**ചർച്ചാ ചോദ്യങ്ങൾ**

1 യേശുവിനെ ലജ്ജാകരമാംവിധം തള്ളിപ്പറഞ്ഞതിനു ശേഷവും ആദിമ സഭയിലും ക്രിസ്തീയവിശ്വാസത്തിൽ തന്നെയും ഇത്ര തന്ത്രപ്രധാനവും മുൻപന്തിയിലുള്ളതുമായ വേല നിർവ്വഹിക്കുവാൻ പത്രൊസിനെ പ്രാപ്തമാക്കിയ ദൈവകൃപയെക്കുറിച്ച് അത് നമ്മോട് എന്തു പറയുന്നു? (എന്തായാലും, അവൻ പുതിയനിയമത്തിന്റെ ഒരു ഭാഗമെഴുതി). അവരുടേതായ രീതിയിൽ കർത്താവിനെ പരാജയപ്പെടുത്തിയവരോട് എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ചുള്ള എന്തു പാഠങ്ങളാണ് നമുക്ക് പത്രൊസിന്റെ പുതുക്കിപ്പണിയലിൽനിന്ന് എടുക്കാനാവുക?

2. ക്ലാസിൽ, വിട്ടുവീഴ്ചാ മനോഭാവം കൊണ്ട് സഭയ്ക്കുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കുക. ഏതു കാര്യങ്ങളിലാണ് കടുപ്പമില്ലാത്ത നിലപാട് സ്വീകരിക്കേണ്ടതെന്നും ഏതിൽ കുടപ്പിക്കണമെന്നും നമുക്ക് എങ്ങനെ അറിയാൻ കഴിയും? നാശത്തിലേക്കു നയിച്ച വിട്ടുവീഴ്ചകളെക്കുറിച്ചു സഭാചരിത്രത്തിൽ നമുക്ക് എന്ത് ഉദാഹരണങ്ങൾ കാണാൻ കഴിയും? ആ സംഭവങ്ങളിൽനിന്ന് നമുക്ക് എന്തു പാഠങ്ങൾ പഠിക്കാൻ കഴിയും?

3. പത്രൊസ് ചില പാഠങ്ങൾ പഠിച്ചത് കഠിനമായ രീതിയിലാണ്. അവന്റെ കുറ്റങ്ങൾ കണ്ടതിൽനിന്ന്, നാം പഠിക്കേണ്ട പാഠങ്ങൾ നമുക്ക് എങ്ങനെ പഠിക്കുവാൻ കഴിയും; പത്രൊസ് പഠിച്ചതിലും കുറച്ചുകൂടി എളുപ്പമായ രീതിയിൽ.

✪ ✪ ✪ ✪